"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട ഏലിയാമ്മ വർഗ്ഗീസിന്റെ മകൻ ശ്രീ.ജെറി പി.വി.-യ്ക്ക് ക്ലർക്ക് തസ്തികയിൽ നൽകിയ നിയമന അനുമതി റദ്ദ് ചെയ്തും പകരം, തസ്തിക മാറ്റം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.139/2026/H&FWD തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. സ.ഉ (അച്ച) നം. 45/91/ഉഭപവ, തീയതി 30.12.1991
2. സ.ഉ (അച്ച) നം. 12/99/ഉഭപവ, തീയതി 24. 05.1999
3. സ.ഉ. (അച്ച) നം. 33/2014/ഉ.ഭ.പ.വ, തിയതി 26. 09.2014.
4. സ,ഉ(കൈ)നം.103/2017/H&FWD തീയതി 29.06.2017
5. സ.ഉ (കൈ) നം.5/2018/ഉ.ഭ.പ.വ തീയതി 21/02/2018
6. സ.ഉ (കൈ) നം.12/2021/ഉ.ഭ.പ.വ തീയതി 07/06/2021
7. സ.ഉ (കൈ) നം.3/2023/ഉ.ഭ.പ.വ തീയതി 10/01/2023
8. സ.ഉ. (അച്ച) നം. 12/2023/ഉ.ഭ.പ.വ, തിയതി 14/07/2023
10. സ.ഉ. (പി) നം.4 /2025 /ഉ.ഭ.പ.വ. തീയതി 29/03/2025
11 ശ്രീ.ജെറി.പി.വി തസ്തികമാറ്റം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച 16/10/2025 തീയതിയിലെ അപേക്ഷ.
12. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 18-12-2025 തീയതിയിലെ DHS/28285/2025-EH4 നമ്പർ കത്ത്
13. പൊതുഭരണ (സർവീസസ് ഡി) വകുപ്പിന്റെ 14.05.2026 തീയതിയിലെ എസ്.ഡി2/126/2026/പൊ.ഭ.വ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിൽ, എറണാകുളം ജില്ലയിൽ കണ്ടക്കടവ് സാമൂഹികാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട ഏലിയാമ്മ വർഗ്ഗീസിന്റെ മകൻ ശ്രീ.ജെറി പി.വി.-യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ആരോഗ്യവകുപ്പിൽ ക്ലാർക്ക്

തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2.എന്നാൽ ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുമെന്നും ആയതിനാൽ, പരാമർശം (10) ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എറണാകുളം ജില്ലയിൽ നിയമനം നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (11)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ വിവരങ്ങളടങ്ങിയ നിശ്ചിത പ്രൊഫോർമ പൊതുഭരണ സർവീസസ് (ഡി) വകുപ്പിന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ, ടി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, എറണാകുളം ജില്ലയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഒന്ന് ടിയാൻ അനുവദിച്ച് നൽകുവാൻ പരാമർശം (13) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജെറി പി.വി, 10-ാം ക്ലാസ് വിജയിക്കുകയും ഡിഗ്രി യോഗ്യത നേടുകയും ചെയ്യാത്തതിനാൽ ടിയാൻ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ട്. 13.11.1990-ൽ ജനിച്ച അപേക്ഷകന് ഇപ്പോൾ 35 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം 2-ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷകന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. അപേക്ഷ തീയതി 05.02.2016 ആണെങ്കിലും ശ്രീ.ജെറി.പി.വി തസ്തികമാറ്റത്തിനുള്ള അപേക്ഷ ജില്ല വ്യക്തമാക്കി സമർപ്പിച്ചിട്ടുള്ള തീയതി 16/10/2025 ആയതിനാൽ പരാമർശം (3) ഉത്തരവ് നിഷ്കർഷിക്കും പ്രകാരം ടിയാന്റെ സാധുവായ അപേക്ഷ തീയതി 16/10/2025 ആയി കണക്കാക്കാവുന്നതാണ്.

4. ഈ സാഹചര്യത്തിൽ, പരേതയായ ഏലിയാമ്മ വർഗ്ഗീസ് , ജൂനിയർ പ്ലബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -ന്റെ മകൻ ശ്രീ.ജെറി പി.വി-യ്ക്ക്, ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി കൊണ്ടുള്ള പരാമർശം (4) പ്രകാരമുള്ള സർക്കാർ അനുമതി ഉത്തരവ് റദ്ദ് ചെയ്തും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ, എറണാകുളം ജില്ലയിൽ, നിലവിലുള്ള / ഉടൻ വരുന്ന ഒഴിവിൽ പരാമർശം (10) ഉത്തരവിലെ ഖണ്ഡിക XVIII-ലെ 2 പ്രകാരം, പരാമർശം (2)-ലെയും (3)-ലെയും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും ചുവടെ പറയുന്ന നിബന്ധനകൾക്കും വിധേയമായി, അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന്റെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ച് കൊണ്ട് പൊതുവിദ്യാഭ്യാസഡയറക്ടർ യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ

ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് നിയമനാധികാരി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

a) പരാമർശം (10) ഉത്തരവിലെ ഖണ്ഡിക XVIII (2) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ടിയാൻ അർഹനാണ്.

b) ഓപ്ഷൻ നൽകിയ ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിൽ ടിയാന് നിയമനം ലഭിക്കുന്ന സാഹചര്യത്തിൽ, ഭാവിയിൽ തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക്, സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കും.

c) പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരഞ്ഞെടുത്ത ജില്ലയിൽ ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് (പ്രസ്തുത ജില്ല ഓപ്ഷനായി നൽകിയ മറ്റ് സീനിയർ അപേക്ഷകർ ഇല്ലാത്തപക്ഷം ഉടൻ തന്നെയും ഉണ്ടെങ്കിൽ സീനിയോറിറ്റി ക്രമമനുസരിച്ചും), സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് തന്നെ അപേക്ഷകനെ തിരഞ്ഞെടുത്ത ജില്ലകളിലേക്ക് (District of Option) സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

5. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ആയതിനാൽ, ശ്രീ.ജെറി പി.വി -യ്ക്ക് എറണാകുളം ജില്ലയിൽത്തന്നെ നിയമനം നൽകേണ്ടതാണ്. ഒരു പക്ഷേ ടിയാൻ തെരഞ്ഞെടുത്ത ജില്ലയിൽ അല്ലാതെ മറ്റൊരു ജില്ലയിൽ ആണ് നിയമനം നൽകുന്നതെങ്കിൽ ഏറ്റവും അടുത്ത അവസരത്തിൽ തെരഞ്ഞെടുത്ത ജില്ലയിലേക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ സ്ഥലംമാറ്റം നൽകേണ്ടതാണ്.

6. അപേക്ഷകൻ, നിയമനം ലഭിക്കുന്നത് മുതൽക്ക് പരേതയായ ജീവനക്കാരിയുടെ മാതാവ് /പിതാവ് / വിഭാര്യൻ എന്നിവരെ അവരുടെ ജീവിതാന്ത്യം വരെയും അപേക്ഷകന് അവിവാഹിതരായ സഹോദരൻ സഹോദരി എന്നിവരുണ്ടെങ്കിൽ അവരെ പ്രായപൂർത്തിയാകും വരെയും സംരക്ഷിക്കേണ്ടതാണ്. ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (8) ഉത്തരവിലെ 5 (x) പ്രകാരമുള്ള നടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7. അപേക്ഷകൻ സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ടി അനുമതി ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ശ്രീ.ജെറി പി.വി-ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതയായ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും പരേതയായ ജീവനക്കാരി

അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

8. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റു തിരുത്തുന്നത് സംബന്ധിച്ച് പരാമർശം (1)-ലെ വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന ശ്രീ.ജെറി പി.വി.-യുടെ നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.ജെറി പി.വി, പൊന്നാം പുരയ്ക്കൽ വീട്, മുണ്ടം വേലി പി.ഒ, എറണാകുളം-682507 (രജിസ്‌ട്രേർഡ് തപാലിൽ)
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, ജഗതി, തിരുവവനന്തപുരം-695014.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ടിയാനെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും പരേതയുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും)
ജില്ലാ കളക്ടർ, എറണാകുളം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
മെഡിക്കൽ ഓഫീസർ , പ്രാഥമികാരോഗ്യകേന്ദ്രം കണ്ടക്കടവ് , എറണാകുളം
പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്
പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് (ഒഴിവ് അനുവദിച്ച് നൽകുവാൻ നിയമനാധികാരിക്ക് നിർദേശം നൽകുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് (C1/399/2020/H&FWD)

പകർപ്പ് - ബഹു.ആരോഗ്യ-ദേവസ്വം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 20-06-2026 11:40:37

സെക്ഷൻ ഓഫീസർ